**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 226** **14-02-2024 - ൽ മറുപടിയ്ക്ക്**

**വനഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനും ജീവനക്കാരുടെ ജീവൻ സംരക്ഷിക്കാനും നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | വനം കൈയ്യേറ്റം പൂർണ്ണമായി തടയുന്നതിന് സ്ഥിരം ജണ്ട കെട്ടി വനാതിർത്തി വേർതിരിക്കുന്നതിന് നടപടി സ്വീകരിച്ച് പൂർത്തീകരിച്ചു വരുന്നു. വനാതിർത്തികളിൽ നിലവിൽ നിർമ്മിച്ച ജണ്ടകളുടെ ജി.പി.എസ് റീഡിംഗ് ശേഖരിച്ച് ഡിജിറ്റലൈസേഷൻ ചെയ്യുന്ന നടപടികൾ നിലവിൽ സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനത്ത് വനാതിർത്തി ഡിജിറ്റലൈസ് ചെയ്യുന്നതിനായി ഒരു (STANDARD Operating Procedure (sop) തയ്യാറാക്കിയിട്ടുണ്ട്. ആയതിന് കേരള സർക്കാരിന്റെ സർവ്വെ & ലാന്റ് റെക്കോർഡ്സ് വകുപ്പും റവന്യൂ വകുപ്പും ചേർന്ന് നടത്തുന്ന ഡിജിറ്റലൈസ്ഡ് സർവ്വേയുടെ ഭാഗമായി കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫോറസ്റ്റ് മിനിസർവ്വെ ഓഫീസിൽ ഏറ്റവും ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് മാപ്പിംഗ് നടത്തുവാനും ഉദ്ദേശിച്ചിട്ടുണ്ട്. കൂടാതെ വനസംരക്ഷണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വനമേഖലകളിൽ നിരന്തരമായി പട്രോളിംഗ് , വർണറബിൾ ഏരിയ മാപ്പിംഗ് , ക്യാമറാ ട്രാപ്പിംഗ് എന്നിവയും മറ്റു പരിശോധനകളും നടത്തി വരുന്നു. പട്രോളിംഗിന് Mstripes എന്ന സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിന് ജീവനക്കാർക്ക് പരിശീലനവും ആയതിലേയ്ക്ക് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. അവശ്യമായ സന്ദർഭങ്ങളിൽ ഡ്രോൺ ഉപയോഗിച്ച് നിരീക്ഷണം നടത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ച് വരുന്നതുമൂലം സമീപവർഷങ്ങളിലുണ്ടായ മുഴുവൻ കയ്യേറ്റശ്രമങ്ങളും പരാജയപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്. വന സംരക്ഷണ പ്രവർത്തനങ്ങളിൽ |

| | | | |
|---|---|---|---|
| | | | ഏർപ്പെടുന്ന ജീവനക്കാരുടെ സുരക്ഷയ്ക്കായി റിവോൾവറുകൾ, റൈഫിളുകൾ, പമ്പ് ആക്ഷൻ ഗൺ എന്നിവ നൽകിയിട്ടുണ്ട്. ജീവനക്കാർക്ക് ആശയ വിനിമയത്തിനുവേണ്ടി CUG കണക്ഷൻ നൽകിയിട്ടുണ്ട്. കൂടാതെ വാക്കിടോക്കി, വയർലസ് സെറ്റുകൾ, ഡിപ്പാർട്ട്മെന്റിലായി മൊബൈൽ ഫോൺ /സിം സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. വാഹനങ്ങളിലും, ക്യാമ്പ് ഷെഡുകളിലും വയർലസ് സംവിധാനം പ്രവർത്തിച്ചു വരുന്നുണ്ട്. വനപാലകർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ ക്വാർട്ടേഴ്സുകൾ , ബാരക്കുകൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ സംരക്ഷണ വിഭാഗം ജീവനക്കാർക്ക് സംസ്ഥാനതല ഇൻഷ്വറൻസും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സംവിധാനങ്ങൾ കാര്യക്ഷമമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ലഭ്യമായ പ്രസ്തുത സംവിധാനങ്ങളുടെ കാര്യക്ഷമത ഉറപ്പു വരുത്തി ഫലപ്രദമായി ഉപയോഗപ്പെടുത്തി വന സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | വനഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനും ജീവനക്കാരുടെ ജീവൻ സംരക്ഷിക്കാനും സി.ആർ.പി.എഫ്. പോലുള്ള കേന്ദ്ര സേനയെ ചുമതലപ്പെടുത്തണം എന്നാവശ്യപ്പെട്ട് ജീവനക്കാരുടെ സംഘടന സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | മാങ്കുളം അടക്കം ഗുരുതരമായ പ്രശ്നങ്ങൾ നിലനിൽക്കുന്ന പ്രദേശങ്ങളിൽ വനം വകുപ്പ് ഓഫീസുകളുടെയും സ്റ്റേഷനുകളുടെയും സുരക്ഷാർത്ഥവും വനപാലകരുടെ ജീവൻ സംരക്ഷിക്കുന്നതിനും സി.ആർ.പി.എഫ് പോലെയുള്ള കേന്ദ്ര സേനയെ വിന്യസിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വനം വകുപ്പിലെ സംരക്ഷണ വിഭാഗം ജീവനക്കാരുടെ കാറ്റഗറി സംഘടനകളിൽ ഒന്നായ കേരളാ ഫോറസ്റ്റ് സ്റ്റാഫ് അസോസിയേഷൻ (KFSA) 05.01.2024 തീയതിയിൽ ചീഫ് സെക്രട്ടറി മുമ്പാകെ നിവേദനം സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത നിവേദനത്തിൽ തിരുത്തൽ വരുത്തി മേൽ ആവശ്യം ഒഴിവാക്കിക്കൊണ്ട് സംഘടന പുതിയ നിവേദനം സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>വിശദീകരണ കുറിപ്പ്</u>

വനം കൈയ്യേറ്റം പൂർണ്ണമായി തടയുന്നതിന് സ്ഥിരം ജണ്ട കെട്ടി വനാതിർത്തി വേർതിരിക്കുന്നതിന് നടപടി സ്വീകരിച്ചു പൂർത്തീകരിച്ചു വരുന്നു. വനാതിർത്തികളിൽ നിലവിൽ നിർമ്മിച്ച ജണ്ടകളുടെ ജി.പി.എസ്. റീഡിംഗ് ശേഖരിച്ച് ഡിജിറ്റലൈസേഷൻ ചെയ്യുന്ന നടപടികൾ നിലവിൽ സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനത്ത് വനാതിർത്തി ഡിജിറ്റലൈസ് ചെയ്യുന്നതിനായി ഒരു **Standard Operating Procedure (SOP)** തയ്യാറാക്കിയിട്ടുണ്ട്. ആയതിന് കേരള സർക്കാരിന്റെ സർവ്വേ & ലാന്റ് റെക്കോഡ്സ് വകുപ്പും റവന്യൂ വകുപ്പും ചേർന്ന് നടത്തുന്ന ഡിജിറ്റലൈസ്ഡ് സർവ്വേയുടെ ഭാഗമായി കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫോറസ്റ്റ് മിനിസർവ്വേ ഓഫീസിൽ ഏറ്റവും ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് മാപ്പിംഗ് നടത്തുവാനും ഉദ്ദേശിച്ചിട്ടുണ്ട്. കൂടാതെ വനസംരക്ഷണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വനമേഖലകളിൽ നിരന്തരമായ പട്രോളിംഗും മറ്റു പരിശോധനകളും നടത്തി വരുന്നു. പട്രോളിംഗിന് **Mstripes** എന്ന സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിന് ജീവനക്കാർക്ക് പരിശീലനവും ആയതിലേയ്ക്ക് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ആവശ്യമായ സന്ദർഭങ്ങളിൽ ഡ്രോൺ ഉപയോഗിച്ച് നിരീക്ഷണം നടത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ച് വരുന്നതുമൂലം സമീപ വർഷങ്ങളിലുണ്ടായ മുഴുവൻ കയ്യേറ്റശ്രമങ്ങളും പരാജയപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്. വന സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ജീവനക്കാരുടെ സുരക്ഷയ്ക്കായി റിവോൾവറുകൾ, റൈഫിളുകൾ എന്നിവ നൽകിയിട്ടുണ്ട്. ജീവനക്കാർക്ക് ആശയ വിനിമയത്തിനുവേണ്ടി **CUG** കണക്ഷൻ നൽകിയിട്ടുണ്ട്. കൂടാതെ ആശയവിനിമയത്തിനായി വാക്കിടോക്കി, വയർലെസ് സെറ്റുകൾ ഡിപ്പാർട്ട്മെന്റ്ലായി മൊബൈൽഫോൺ/സിം സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. വാഹനങ്ങളിലും, ക്യാമ്പ് ഷെഡുകളിലും വയർലെസ് സംവിധാനം പ്രവർത്തിച്ചു വരുന്നുണ്ട്. വനപാലകർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ ക്വാർട്ടേഴ്സുകൾ, ബാരക്കുകൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. ലഭ്യമായ പ്രസ്തുത സംവിധാനങ്ങളുടെ കാര്യക്ഷമത ഉറപ്പുവരുത്തി ഫലപ്രദമായി ഉപയോഗപ്പെടുത്തി വന സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്.

ഇടുക്കി ജില്ലയിലെ മാങ്കുളത്തിന് സമീപം പെരുമ്പൻകുത്ത് എന്ന സ്ഥലത്ത് മാങ്കുളം പഞ്ചായത്ത് നിർമ്മിച്ച കെട്ടിടം റിസർവ്വ് വനഭൂമിയിലാണോ നിർമ്മിച്ചിട്ടുള്ളത് എന്ന് പരിശോധിക്കുന്നതിനായി എത്തിയ വനം വകുപ്പ് ഉദ്യോഗസ്ഥരും, പഞ്ചായത്ത് ജനപ്രതിനിധികളും, നാട്ടുകാരുമായും തമ്മിലുണ്ടായ വിഷയത്തിന്റെ അടിസ്ഥാനത്തിലാണ് സി.ബി.ഐ. അന്വേഷണവും, പ്രശ്നബാധിത പ്രദേശങ്ങളിലെ വനം വകുപ്പ് ഓഫീസുകൾക്കും, ജീവനക്കാർക്കും സി.ആർ.പി.എഫ്. സംരക്ഷണവും ആവശ്യപ്പെട്ടുകൊണ്ട് കേരളാ വനം വകുപ്പിലെ കാറ്റഗറി സംഘടനകളിൽ ഒന്നായ കേരളാ ഫോറസ്റ്റ് സ്റ്റാഫ് അസോസിയേഷൻ **(KFSA)** സംസ്ഥാന കമ്മിറ്റിക്കുവേണ്ടി സംസ്ഥാന പ്രസിഡൻറായ ശ്രീ.വിജി.പി.വർഗ്ഗീസ് **05.01.2024** തീയതിയിൽ നിവേദനം സമർപ്പിച്ചിരുന്നു . എന്നാൽ പ്രസ്തുത നിവേദനത്തിൽ തിരുത്തൽ വരുത്തി മേൽ ആവശ്യം ഒഴിവാക്കിക്കൊണ്ട് സംഘടന പുതിയ നിവേദനം സമർപ്പിച്ചിട്ടുണ്ട് .

മാങ്കുളത്തെ വനഭൂമി ഒഴിപ്പിക്കുന്നതിനായി എത്തിയ വനം വകുപ്പ് ഉദ്യോഗസ്ഥരെയും, ജില്ലാതലത്തിലുള്ള ഉയർന്ന ഓഫീസർമാരെയും, പഞ്ചായത്ത് ജനപ്രതിനിധികളുടെയും,

ചില തൽപര കക്ഷികളുടെയും നേതൃത്വത്തിൽ സംഘം ചേർന്ന് കയ്യേറ്റം ചെയ്യുകയുണ്ടായി. ഈ അവസരത്തിൽ ബന്ധപ്പെട്ട സ്ഥലത്തെ പോലീസ് പ്രശ്നത്തിൽ ഇടപെടുകയും വനം വകുപ്പ് ജീവനക്കാർക്ക് ആവശ്യമായ സംരക്ഷണം നൽകുകയും ചെയ്തിട്ടുണ്ട്. വനഭൂമി കയ്യേറ്റം ചെയ്യുകയും വനവിഭവങ്ങൾ ചൂഷണം ചെയ്യുകയും ചെയ്യുന്ന ചില നിക്ഷിപ്ത താൽപര്യക്കാരും
സംഘടനകളും ഇത്തരം കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനും, കയ്യേറ്റം ചെയ്യാനും മുതിരുന്ന പ്രവണത വർദ്ധിച്ചുവരികയാണ്. മനുഷ്യ-വന്യജീവി സംഘർഷവും, വനഭൂമി കയ്യേറ്റം ഒഴിപ്പിക്കലും നിലനിൽക്കുന്ന മേഖലകളിലെല്ലാം തന്നെ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ സംഭവിക്കുന്നുണ്ട്. ഈ വിഷയങ്ങളെല്ലാം തന്നെ വനം വകുപ്പ് കാര്യക്ഷമതയോടെയും, സംയമനത്തോടെയും കൈകാര്യം ചെയ്യുന്നുണ്ട്. ആവശ്യമായ സന്ദർഭങ്ങളിൽ എല്ലാം തന്നെ സംസ്ഥാന പോലീസിന്റെ സഹായം തേടുകയും, വേണ്ട രീതിയിലുള്ള എല്ലാ സഹായവും, സംരക്ഷണവും ലഭിക്കുകയും ചെയ്യുന്നുണ്ട്.

മാങ്കുളവുമായി ബന്ധപ്പെട്ട മേൽപ്പറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി **11/01/2024** നു ബഹു. വനം വന്യജീവി വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ വച്ച് വനം വകുപ്പ് ഉദ്യോഗസ്ഥർ , ജനപ്രതിനിധികൾ എന്നിവരുടെ ഒരു യോഗം വിളിക്കുകയും പ്രശ്നപരിഹാരത്തിനാവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട് .